# STD - VIII

## അദ്ധ്യാപക സഹായി

## പാഠം - അഞ്ച്     ഭാരതസഭ     ഭാഗം - ഒന്ന്

### ലക്ഷ്യം

ആദിമ നൂറ്റാണ്ടിൽത്തന്നെ ക്രിസ്തുമതത്തിന്റെ വേരുകൾ ആഴ്ന്നിറങ്ങിയ രാജ്യമാണ് ഭാരതം. നമ്മുടെ മാതൃരാജ്യത്തിൽ ക്രിസ്തുവിന്റെ സഭ ഉത്ഭവിച്ചതും വളർന്നതുമായ ചരിത്രം അറിയേണ്ടത് നമ്മുടെ കടമയാണ്. ഭരണഘടനയിൽ അടിയുറച്ചു വിശ്വസിച്ചു കൊണ്ട് ക്രിസ്തുവിനെ പ്രഘോഷിക്കുവാനും സ്വർഗരാജ്യം പടുത്തുയർത്താനും നമുക്ക് കഴിയണം.

### പഠനസഹായികൾ

* വി. തോമസ് അപ്പസ്തോലൻ, വി. ബർത്തലോമിയ എന്നിവരുടെ ചിത്രങ്ങൾ
* കൊല്ലം, കോട്ടയം എന്നീ രൂപതകാര്യാലയങ്ങളുടെ ഫോട്ടോകൾ
* മൈലാപ്പൂർ സാന്തോം ബസിലിക്കയുടെ ചിത്രം
* കൊല്ലം രൂപതയുടെ 695-ാം സ്ഥാപിതദിനാചരണ വാർത്ത

### പാഠത്തിന്റെ ഉള്ളടക്കം

* അപ്പസ്തോലന്മാരായ വി. തോമസ്, വി. ബെർത്തലോമിയ എന്നിവർ ഭാരതത്തിൽ സുവിശേഷ പ്രഘോഷണം നടത്തി
* എ.ഡി. 190-ൽ പന്തേനിയൂസ് കേരളത്തിൽ എത്തിച്ചേർന്നു. തുടർന്ന് ഇവിടത്തെ ക്രൈസ്തവസഭ പേർഷ്യൻ സഭയുടെ കീഴിലായി. പേർഷ്യൻ സഭയിലെ പാഷാണ്ഡതകൾ ഭാരതസഭയിൽ വ്യാപിച്ചു.
* എ.ഡി. 345-ൽ കാനായിൽ നിന്നുള്ള തോമ ഭാരതത്തിൽ കുടിയേറി. അവർ തെക്കുംഭാഗക്കാർ എന്നറിയപ്പെട്ടു.
* 1321-ൽ കൊല്ലത്ത് എത്തിച്ചേർന്ന ജോർദ്ദാൻ കത്തലാനി എന്ന ഡൊമനിക്കൻ സന്യാസി രചിച്ച ഗ്രന്ഥമാണ് ഡ്രിസ്ക്രിപ്താ മിറാബലിയാ. 1329-ൽ ഭാരതത്തിലെ ആദ്യരൂപതയായ കൊല്ലം രൂപത സ്ഥാപിച്ചു.
* 1498-ൽ വാസ്കോഡഗാമ കോഴിക്കോട് എത്തി ഗാമയുടെ രാജാവ് തങ്ങളുടെയും രാജാവാണെന്ന് ക്രൈസ്തവർ പ്രഖ്യാപിച്ചു.
* പോർച്ചുഗീസ് മിഷനറിമാരുടെ പ്രാധന പ്രവർത്തനകേന്ദ്രം ഗോവയായിരുന്നു. 1534-ൽ ഗോവയിൽ ഒരു രൂപത സ്ഥാപിച്ചു.

## പ്രാർത്ഥന

കാരുണ്യവാനായ ദൈവമേ, അപ്പസ്തോലന്മാരുടെയും മിഷനറിമാരുടെയും ചുടുനിണത്താൽ വളർന്ന ഭാരതസഭയിൽ അങ്ങേ വിശ്വാസം പ്രഘോഷിക്കുവാനും നന്മയിൽ വളരുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ.

## ചോദ്യങ്ങൾ

1. ഭാരത കത്തോലിക്ക (ലാറ്റിൻ, സീറോ മലബാർ, സീറോ മലങ്കര) മെത്രാൻ സമിതിയുടെ ഇപ്പോഴത്തെ പ്രസിഡന്റ് ആരാണ്? (CBCI)
2. ഭാരതത്തിൽ പേർഷ്യൻസഭ ചെലുത്തിയ സ്വാധീനം വിവരിക്കുക.
3. കൊല്ലം രൂപത രൂപീകൃതമായ സാഹചര്യം. കുറിപ്പെഴുതുക.
4. പോർച്ചുഗീസുകാരുടെ ഭാരത്തിലെ പ്രേഷിതപ്രവർത്തനം വിവരിക്കുക.
5. കൊല്ലം ക്രിസ്ത്യാനികളെക്കുറിച്ച് ജോർദ്ദാൻ കത്തലാനി രചിച്ച ഗ്രന്ഥം?

# STD - VIII

## അദ്ധ്യാപക സഹായി

### പാഠം - അഞ്ച് ഭാരതസഭ ഭാഗം - രണ്ട്

### ലക്ഷ്യം

യേശുവിന്റെ ശിഷ്യന്മാരും മിഷനറിമാരും തുടങ്ങിയ പ്രേഷിതപ്രവർത്തനം നമ്മളിലൂടെ ഇന്നും തുടരണം. ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ പീഡനങ്ങൾ അനുഭവിക്കുന്ന നിരവധി ക്രൈസ്തവർ ഇന്നും ജീവിക്കുന്നുണ്ട്. അവരോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുകവാനും അവർക്കായി സഹായങ്ങൾ നൽകുവാനും ഞാൻ ഒരുക്കമാണ്.

### പഠനസഹായികൾ

* മണിപ്പൂരിൽ ഉണ്ടായ കലാപങ്ങളുടെ വാർത്ത, ഫോട്ടോ, വീഡിയോ.
* ഗോവയിലെ ബോംജീസസ് ബസിലിക്കയുടെ ഫോട്ടോ.
* വി. ഫ്രാൻസീസ് സേവ്യറിന്റെ തിരുശരീരം പൊതുവണക്കത്തിന് പ്രദർശിപ്പിക്കുന്നതിന്റെ വാർത്ത, ഫോട്ടോ.
* ഭാരതസഭയിലെ വിശുദ്ധർ, ധന്യർ, വാഴ്ത്തപ്പെട്ടവർ - ഫോട്ടോ

### പാഠത്തിന്റെ ഉള്ളടക്കം

* പാദ്രെവാദൊയുടെ കീഴിൽ സ്ഥാപിതമായ കേരളത്തിലെ ആദ്യരൂപതയാണ് കൊച്ചി, കണ്ണൂർ മുതൽ കന്യാകുമാരിവരെയും ബംഗാൾ മുതൽ തമിഴ്നാടുവരെയും കൊച്ചിയുടെ കീഴിലായിരുന്നു.
* ഭാരതത്തിന്റെ രണ്ടാം അപ്പസോതലൻ - വിശുദ്ധ ഫ്രാൻസീസ് സേവ്യർ.
* തീരപ്രദേശങ്ങളിൽ സുവിശേഷം പ്രസംഗിച്ചു മതബോധനം നൽകി.
* വിശുദ്ധൻ രചിച്ച മതബോധനഗ്രന്ഥം - 'ഡോക്ട്രീന ക്രിസ്താം'
* വിശുദ്ധൻ ജപ്പാനിൽനിന്നും ചൈനയിലേക്കുള്ള യാത്രാമധ്യേ ഡിസംബർ 3-ന് മരണമടഞ്ഞു.
* ഡിസംബർ 3 കഴിഞ്ഞുവരുന്ന ഞായറാഴ്ച കേരളത്തിൽ ലത്തീൻ കത്തോലിക്കദിനം ആചരിക്കുന്നു.
* കൂനമ്മാവ് സെന്റ് ഫിലോമിനാസ് ദേവാലയത്തിലാണ് വി. ചാവറ കുര്യാക്കോസ് ഏലിയാസിന്റെ കബറിടം
* കേരളസഭയിലെ ആദ്യവിശുദ്ധ - സെന്റ് അൽഫോൻസ.
* വി. ദേവസഹായം, ധന്യ മദർ ഏലീശ്വ എന്നിവരെയും പരിചയപ്പെടുക

## പ്രാർത്ഥന

സ്നേഹപിതാവായ ദൈവമേ, ക്രിസ്തുവിശ്വാസം ധീരമായി പ്രഖ്യാപിക്കുന്നതിനായി സ്വന്തം ജീവൻ നഷ്ടമാക്കിയ രക്തസാക്ഷികളുടെ മാതൃക പിന്തുടർന്ന് ഞങ്ങൾ ആയിരിക്കുന്ന സമൂഹത്തിൽ അങ്ങയെ സധൈര്യം പ്രഘോഷിക്കുവാൻ അനുഗ്രഹിക്കണമേയെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

## ചോദ്യങ്ങൾ

1. ഭാരതസഭയിൽ നിന്നും വിശുദ്ധരായവരുടെ ചെറിയ കുറിപ്പുകൾ തയ്യാറാക്കുക.
2. വി. ഫ്രാൻസീസ് സേവ്യറിന്റെ പ്രേഷിതപ്രവർത്തനം വിവരിക്കുക.
3. കൊച്ചി രൂപതയുടെ തുടക്കം എങ്ങനെയായിരുന്നു?
4. ഇന്ത്യയിലെ ലത്തീൻ കത്തോലിക്ക മെത്രാൻസമിതിയുടെ (Episcopal Conference of the Latin Catholic Church in India) ഇപ്പോഴത്തെ അധ്യക്ഷൻ ആരാണ്? (CCBI).
5. വി. ഫ്രാൻസീസ് സേവ്യർ രചിച്ച മതബോധനഗ്രന്ഥം ഏത്?